LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും എണ്ണം, അവരുടെ വിദ്യാഭ്യാസ യോഗ്യത, അവർക്ക് ലഭിക്കുന്ന വേതനം/കമ്മീഷൻ, പ്രതിദിന നിക്ഷേപം/വായ്പ കളക്ഷൻ, പെൻഷൻ ബോർഡ്, ക്ഷേമനിധി ബോർഡ് എന്നിവയിലെ അംഗത്വം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും പഠന കമ്മിറ്റിയുടെ മീറ്റിംഗുകൾക്കുപരിയായി നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സംഘടനാ പ്രതിനിധികളുമായി തിരുവനന്തപുരത്ത് വച്ച് യോഗം ചേരുകയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും പ്രസിഡന്റുമാരുമായുള്ള യോഗം ചേരുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഠന കമ്മിറ്റിയുടെ തീരുമാന പ്രകാരം രണ്ട് മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകളും പ്രാഥമിക സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും സംസ്ഥാന തല ഭാരവാഹികളുമായുള്ള മീറ്റിംഗും നടത്തേണ്ടതായുണ്ട്. ഇതിനിടയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനാൽ മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകൾ യഥാസമയം നടത്തുവാൻ കഴിയാതെ വന്നതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്.

സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് നടപടി

97 (7933) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്ക ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) മറ്റു പൊതുമേഖലാ ബാങ്കുകളിൽ പെൻഷൻ പ്രായം 60 വയസ്സാണെന്നിരിക്കെ സഹകരണ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.